വെള്ളക്കരത്തിലുണ്ടായ വർദ്ധനവ്

240 (929) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാവശ്യം വെള്ളക്കരം വർദ്ധിപ്പിച്ചുവെന്നും നിരക്ക് വർദ്ധിപ്പിച്ചപ്പോൾ ഓരോ സ്ലാബിനുമുള്ള വർദ്ധനവ് എത്ര വീതമാണ്എന്നും ഈ ഇനത്തിൽ എത്ര രൂപയുടെ അധിക വരുമാനം ഉണ്ടായിയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു പ്രാവശ്യം 25-9-2014-ൽ മാത്രമാണ് കുടിവെള്ള ചാർജ്ജ് വർദ്ധിപ്പിച്ചത്. പുതുക്കിയ നിരക്കനുസരിച്ച് ശരാശരി വർദ്ധനവ് താഴെപ്പറയുന്നു:

15 കി.ലി. വരെ വർദ്ധനവ് ഇല്ല

15 കി.ലി. മുതൽ 20 കി.ലി. വരെ 35.24 ശതമാനം

20 കി.ലി. മുതൽ 25 കി.ലി. വരെ 49.48 ശതമാനം

25 കി.ലി. മുതൽ 30 കി.ലി. വരെ 82.86 ശതമാനം

30 കി.ലി. മുതൽ 40 കി.ലി. വരെ 112.25 ശതമാനം

40 കി.ലി. മുതൽ 50 കി.ലി. വരെ 98.46 ശതമാനം

50 കി.ലി. മുകളിൽ കിലോ ലിറ്ററിന് ഏകദേശം 60 ശതമാനം വരെ

ടി വർദ്ധനവുകൊണ്ട് പ്രതിമാസം ഏകദേശം 15 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

കെ.ആർ.ഡബ്ല്യു.എസ്.എ.-യിൽ ജീവനക്കാരുടെ പെൻഷൻ പ്രായം

241 (930) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗ്രാമീണ ശുദ്ധജല വിതരണ ഏജൻസി (കെ.ആർ. ഡബ്ല്യു.എസ്.എ.) യിൽ ജീവനക്കാരുടെ പെൻഷൻ പ്രായം എത്രയാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഏജൻസിയിൽ പെൻഷൻ പ്രായം കഴിഞ്ഞ ഏതെങ്കിലും ജീവനക്കാരോ സർക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത ഏതെങ്കിലും വ്യക്തികളോ അവിടെ ഇപ്പോൾ ജോലി ചെയ്യുന്നുണ്ടെങ്കിൽ അവരുടെ പേരുകൾ, തസ്തിക എന്നിവ വിശദമാക്കുമോ;

ഉത്തരം

(എ) കേരള സർക്കാർ ലോകബാങ്ക് സഹായത്തോടെ ഗ്രാമീണ ശുദ്ധജല ശുചീകരണ പദ്ധതി നടപ്പിലാക്കുന്നതിന് ഒരു നിശ്ചിത കാലയളവിലേക്ക് രൂപീകരിച്ച ഏജൻസിയാണ് കെ.ആർ.ഡബ്ല്യു.എസ്.എ. ഇവിടെ സ്ഥിരം ജീവനക്കാരെ നിയമിക്കുന്നില്ല. ദിവസ വേതനാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലുമാണ് ജീവനക്കാരെ നിയമിക്കുന്നത്. ആയതിനാൽ പെൻഷൻ പ്രായം കെ.ആർ.ഡബ്ല്യു.എസ്.എ.-യിൽ ബാധകമല്ല.

(ബി) പ്രസ്തുത ഏജൻസിയിൽ ജോലി ചെയ്യുവരുന്ന സർക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത ജീവനക്കാരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	പേര്	തസ്തിക
(1)	(2)	(3)
1	മോഹൻ, കെ,	ഡയറക്ടർ (ടെക്നിക്കൽ)
2	വി. എൽ. മോഹൻ കുമാർ	ഡയറക്ടർ (ഓപ്പറേഷൻസ്)
3	ജയകുമാര വർമ്മ	മാനേജർ (ടെക്നിക്കൽ)
4	ഉണ്ണികൃഷ്ണൻ, കെ. ജി.	മാനേജർ (ടെക്നിക്കൽ)
5	ഹംസ, എൻ.	മാനേജർ (ടെക്നിക്കൽ)
6	ആനന്ദൻ, സി.	മാനേജർ (ടെക്നിക്കൽ)
7	പി. ബാലകൃഷ്ണൻ	വാട്ടർ കൺസർവേഷൻ സ്പെഷ്യലിസ്റ്റ്
8	നാരായണൻ, വി. കെ.	വാട്ടർ കൺസർവേഷൻ സ്പെഷ്യലിസ്റ്റ്
9	ഷാഹുൽ ഹമീദ് കുഞ്ഞ്	കൺസൾട്ടന്റ് (ടെക്നിക്കൽ)
10	നാരായണൻ നായർ, പി.	സീനിയർ എഞ്ചിനീയർ

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
11	അബ്ദുൾ ജലീൽ.എം.കെ.	സീനിയർ എഞ്ചിനീയർ
12	മോഹനൻ. ടി. എസ്.	സീനിയർ എഞ്ചിനീയർ
13	ബാലകൃഷ്ണൻ. സി	സീനിയർ എഞ്ചിനീയർ
14	ഹസ്സൻ. സി	സീനിയർ എഞ്ചിനീയർ
15	ഷാജി. എസ്	പ്രോജക്ട് എഞ്ചിനീയർ
16	മുരളീധരൻ നായർ	പ്രോജക്ട് കമ്മീഷണർ

ജലനിധി പദ്ധതി

242 (931) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിൽ ജലനിധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് ; വ്യക്തമാക്കുമോ;

(ബി) ഓരോ പഞ്ചായത്തിലെയും പദ്ധതി അടങ്കൽ എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) ഓരോ പഞ്ചായത്തുകളിലും പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജലനിധി ഒന്നാം ഘട്ടത്തിൽ കുറ്റ്യാടി മണ്ഡലത്തിലെ കുന്നുമ്മൽ പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കി. രണ്ടാംഘട്ടത്തിൽ ബാച്ച് രണ്ടിൽ മണിയൂർ പഞ്ചായത്തിലും ബാച്ച് മൂന്നിൽ ആയഞ്ചേരി, പുറമേരി, വില്യാപ്പള്ളി പഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) കുന്നുമ്മൽ ഗ്രാമപഞ്ചായത്ത്

പ്രവൃത്തി	അടങ്കൽ തുക (രൂപ ലക്ഷത്തിൽ)	ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)
(1)	(2)	(3)
കുടിവെള്ള പദ്ധതികൾ	158.46	125.86
ശുചിമുറികൾ	16.17	8.24

LIBRARY ARCHIVES Kerala Legislative Assembly